# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5734** **02.07.2019 ലെ മറുപടി**

## പമ്പ ഇറിഗേഷൻ പ്രോജക്റ്റ് അസിസ്റ്റന്റ് എൻജിനീയർ ഓഫീസ് പുന:സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് : | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കരയിലുണ്ടായിരുന്ന പമ്പ ഇറിഗേഷൻ പ്രോജക്റ്റിന്റെ ഭാഗമായുള്ള അസിസ്റ്റന്റ് എൻജിനീയർ ഓഫീസുകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ഉത്തരവ് (കൈ) നമ്പർ/6/2017/ജവിവ തീയതി 28.01.2017 പ്രകാരം പി.ഐ.പി.സബ്ഡിവിഷൻ മാവേലിക്കര, പി.ഐ.പി. സെക്ഷൻ നമ്പർ 1,2,3 മാവേലിക്കര എന്നീ ഓഫീസുകൾ നിർത്തലാക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത ഓഫീസുകളുമായി ബന്ധപ്പെട്ട് മാവേലിക്കര മണ്ഡലത്തിലെ ജനങ്ങൾ കോഴഞ്ചേരിയിലുള്ള ഓഫീസുമായി ബന്ധപ്പെടുന്നതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പി.ഐ.പി(പമ്പ ഇറിഗേഷൻ പ്രോജക്റ്റ്)യുടെ അസിസ്റ്റന്റ് എൻജിനീയർ ഓഫീസ് മാവേലിക്കരയിൽ പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ